# ആത്മാവിന്റെ

# നൊമ്പരം



ഷാജി ജോർജ്ജ് പഴൂപറമ്പിൽ

വളരെ താമസിച്ചാണ് ടൊം രാവിലെ കട്ടിലിൽ നിന്ന് എണീൽക്കുന്നത്. ക്ഷീണം കാരണം ടൊം അറിയാതെ കൂടുതൽ ഉറങ്ങി പോയി. എണീറ്റതു താമസിച്ചാണെങ്കിലും, ടൊമിന് ശരീരത്തിന് നല്ല സുഖം തോന്നിയില്ല. ടൊമിന്റെ ഭാര്യ അപ്പോഴേക്കും ജോലിക്കു പോയി കഴിഞ്ഞു. ജോലിക്കു പോകേണ്ടാ എന്നു ടൊമിന് തോന്നിയെങ്കിലും അവസാനം ജോലിയ്ക്കു പോകൻ തന്നെ തീരുമനിച്ചു. അന്തരീക്ഷം കാർ മേഘം കൊണ്ടു നിറയാൻ തുടങ്ങി. കനത്തെ മഴയെ അവഗണിച്ചു ടൊം ജോലിയ്ക്കു പോകാനായി കാറിൽ കയറി. താമസിച്ചു വന്ന ടൊമിക്കു ജോലിയിൽ കാര്യമായി ശ്രദ്ധ ചെലുത്താൻ പറ്റിയില്ല. പൊതുവെ വാചാലനായ ടൊം അന്നു പൊതുവെ ശാന്തനായിരിന്നു. പനിയ്ക്കുള്ള തുടക്കം ആയിരിക്കാംഎന്നു ടൊം കരുതി.

ആപ്രതീക്ഷമായിട്ടാണ് ടൊം ജോലി സ്ഥലത്തു വച്ചു ബോധരഹിതനായി തറയിലേക്കു വീണതു. തറയിൽ വീണ ഉടൻ തന്നെ ടൊമിന്റെ ബോധം പോയി. മൂക്കിൽ നിന്നു രക്തം ശക്തിയായി ബ്ലീഡു ചെയ്യാൻ തുടങ്ങി.അടുത്തു നിന്നവർ അപ്പോഴേക്കും ടൊമിനെ ആംബുലൻസിൽ ഹോസ്പിറ്റലിൽ എത്തിച്ചു.ഉടനെ തന്നെ ടൊമിനെ ഇന്റെൻസീവു കെയർ യുണിറ്റിലേക്കു മാറ്റി. ടൊമിന്റെ ജീവൻ രക്ഷിക്കാനായി ഡോക്ടർമാർ അതീവ പരിശ്രമം നടത്തി.ഇൻട്രാ സെരിബ്രെൽ ഹെമൊരേജ് ആണെന്ന് ഡോക്ടർമാർ പറഞ്ഞു.ഇത്തരം സ്റ്റ്രോക്ക് വന്നാൽ തലച്ചൊറു ഭാഗികമായീ പ്രവർത്തന രഹിതമാകും. ടൊമിനെ പിന്നീടു വെന്റിലേറ്ററിലേക്കു മാറ്റി.

രക്ഷ പെടാനുള്ള സാധ്യത വളരെ കുറവാണെന്നു ഡോക്ടർ പറഞ്ഞു. ടൊമിന്റെ ശരീരം ഭാഗികമായി തളർന്നു. ടൊമിന്റെ സംസാരശേഷി നഷ്ടപെട്ടു. ഇതിനകം ടൊമിന്റെ ഭാര്യ അവിടെ എത്തി.ടൊമിന്റെ എക മകളെ ഫോൺ വിളിച്ചു വിവരം അറിയിച്ചു. ജോലി തിരക്കു കാരണം അവൾക്ക് പെട്ടെന്ന് ആശുപത്രിയിൽ എത്താൻ പറ്റിയില്ല. പകരം ആശുപത്രിയിലേയ്ക്ക് ആശംസാ കാർ ഡോടു കൂടി പൂക്കൾ അയച്ചു കൊടുത്തു. ഡ്യൂട്ടിയിൽ നിന്ന നേഴ്സ് ആ പൂക്കൾ മനോഹരമായ വേസ്സിൽ ഭംഗിയായി ടൊമിന്റെ ബെഡ്ഡിന്റെ സമീപം വച്ചു. മണിക്കൂറുകൾ പലതും കടന്നു പോയി.

ടൊമിന് രക്ഷ പെടാനുള്ള സാധ്യത വളരെ കുറഞ്ഞു വന്നു. ടൊമിന്റെ ആത്മാവു അന്ത്യ യാത്രയ്ക്കുള്ള ഒരുക്കം തുടങ്ങി.ടൊമിന്റെ സമീപം ഇരുന്ന പൂക്കൾ ടൊമിന്റെ മുഖത്തോടു നോക്കി. വേദനയോടെ അന്ത്യ യാത്രയ്കായി ഒരുങ്ങുന്ന ടൊമിന്റെ ആത്മാവിനെ നോക്കി പൂക്കൾ പറഞ്ഞു 'ഏതാനും ദിവസം ഈമനോഹരമയ ഭൂമിയിൽ ജീവിച്ച ഞങ്ങൾ സന്തോഷമായി ഇവിടെ നിന്ന് യാത്ര പറയൻ ഒരുങ്ങുകയാണ് . എന്തിനാണ് നീ വേദനിയ്ക്കുന്നതു?' ടൊമിന്റെ ആത്മാവു ഒന്നും മറുപടി പറഞ്ഞില്ല. പൂക്കൾ വീണ്ടും പറഞ്ഞു 'അറുപതു വർഷത്തോളും ഈ ഭൂമിയിൽ ജീവിച്ച നീ എത്രയോ ഭാഗ്യവാനാണ്?'

ടൊമിന്റെ ആത്മാവു അ പ്പോഴും ഒന്നും മറുപടി പറഞ്ഞില്ല. പൂക്കൾ വീണ്ടും പറഞ്ഞു 'ഞ ങ്ങളിൽ നിന്ന് പ്രവഹിയ്ക്കുന്ന മണം പലരെയും ആസ്വദിപ്പിക്കുന്നുണ്ട്. .ഈ ലോകത്തിന് മറ്റൊന്നും ഞങ്ങൾക്കു കൊടുക്കാനില്ല. ഞങ്ങൾക്ക് ജീവിയ്ക്കാൻ കിട്ടിയ്തു ഏതാനും ദിവസങ്ങൾ മാത്രമാണ്. ഞങ്ങൾ അതിൽ വളരെ സംതൃപ്തരാണ്. . ടൊമിന്റെ ആത്മാവു അപ്പോഴും മൗനം പാലിച്ചു.

സമയം പിന്നെയും ഇഴഞ്ഞ ു നീങ്ങി കൊണ്ടിരുന്നു.ടൊമിന്റെ മരണത്തി ലേയ്ക്കുള്ള സമയം അടുത്തു കൊണ്ടിരുന്നു..ടൊമിനു വേ ണ്ടി പൂക്കൽ മനോഹരമയ ഒരു ഗാനം ആ ലപിച്ചു. പൂക്കൾ പാടിയ പാട്ട് ടൊമിന്റെ മനസ് സിനെ ഉണർത്തി. ടൊമിന്റെ ആത്മാവു ആ പൂക്കളെ നോക്കി ഇങ്ങനെ പറഞ്ഞു 'നിങ്ങൾ പറയുന്നതു എന്റെ കാര്യത്തിൽ ശരിയല്ല. ഒരു ദരിദ്ര കുടുംബത്തിൽ ജനിച്ച ഞാൻ ജീവിതത്തിൽ ഒരിക്കലും സുഖം അനുഭവിച്ചിട്ടില്ല. ചെറുപ്പത്തിലെ എന്റെ പിതാവു മരിച്ചു. കുടുംബത്തിന്റെ ഭാരം എന്റെ തോളിൽ ആയിരുന്നു. എന്റെ വിവാഹത്തിനു ശേഷം ജീവിതതിന്റെ നല്ലൊരു ഭാ ഗം ഞാൻ ചിലവഴിച്ചതു എന്റെ ഭാര്യയും എന്റെ എക മകൾക്കുമൊപ്പമാണ്. . ഞാൻ വിശ്രമം ഇല്ലാ തെ വർഷങ്ങളോളും ജോലി ചെയ്തിരുന്നു.. വിശ്രമം ഇല്ലാത്ത ജീവിതം എന്റെ ആരോഗ്യ ത്തെ തളർത്തി. കാല ക്രമേണ ഞാൻ ഒരു രോഗിയായി മാറി. വിവാഹ ബന്ധത്തിലെ വിള്ളലുകൾ എന്നെ കൂടുതൽ രോഗിയാക്കി. എന്റെ അവസാനത്തെ മണി ക്കൂറിൽ ഇവർ രണ്ടു പേരും എന്റെ സമീപത്തില്ല. എന്റെ മകൾ ജോലി തിരക്കിലാണ്ˇ. ആവൾക്ക് എന്നെ വന്നു കാണാൻ സമയം ഇല്ല, എന്റെ ഭാര്യ ഒരു പക്ഷെ ഏതെങ്കിലും ഇൻഷുറൻസ് ഏജന്റിന്റെ അടുത്തായിരിയ്ക്കും.. അപ്പോഴേക്കും ടൊമിന്റെ നാവു വരണ്ടു തുടങ്ങി. ശരീരത്തിന്റെ നല്ലൊരു  ഭാഗവും നിലച്ചു. ടൊമിന്റെ സമീപം വച്ചിരിയ്ക്കുന്ന പൂക്കളെ നോക്കി പുഞ്ചിരിച്ചു കൊണ്ടു ടൊമിന്റെ  ആത്മാവു ഈ ലോക ത്തോടു വിട പറഞ്ഞു. ഏതാനും മണിക്കൂറുകൾക്കകം ടൊമിന്റെ ഭാര്യയും ബന്ധുക്കളും എത്തിയെങ്കിലും അവർ ക്ക് ജീവനുള്ള ടൊമിനെ കാണാൻ പറ്റിയില്ല. ശവ സംസ്കാരത്തിനുള്ള ഒരുക്കങ്ങൾ തുടങ്ങി,ടൊമിന്റെ ശവം ഹോസ്പിറ്റലിൽ നിന്നു കൊണ്ടു പോയി. ടൊം അവരുടെബന്ധുക്കൾക്ക് വെറും ഓർമയായി അവശേഷിച്ചു. ടൊമിന്റെ അവസാന നിമിഷത്തു കൂടെ നിന്ന പൂക്കളും ഉണങ്ങി തുടങ്ങി, ഉണങ്ങിയ പൂക്കളും അവസാനം മണ്ണിലേക്കു അലിഞ്ഞു ചേർന്നു.